# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2770

06.11.2019-ലെ മറുപടി

## ചെങ്ങന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ നഗരസഭ പരിധിയിൽ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികളുടെ നിർമ്മാണച്ചുമതല ഏതെല്ലാം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കാമോ; | (എ) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ പ്രോജക്റ്റ് ഡിവിഷൻ. |
| (ബി) | ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി, കിഫ്ബിയിൽ നിന്നും 199.13 കോടി രൂപയുടെ ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നല്കുന്നതിന് വേണ്ട എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (സി) | മണ്ഡലത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരിക്കാമോ? | (സി) | പമ്പാനദി സ്രോതസ്സ് ആയിട്ടുള്ള ടി പദ്ധതിയിൽ പ്രതിദിനം 35 ദശലക്ഷം ലിറ്റർ വെള്ളം സംസ്കരിക്കാൻ (Treat) ശേഷിയുള്ള ജലശുദ്ധീകരണ ശാല, 31 കി.മീ. ട്രാൻസ്മിഷൻ മെയിൻ, 90 എം.എം. മുതൽ 800 എം.എം. വരെയുള്ള 910 കി.മീ. വിതരണ ശൃംഖല, മുനിസിപ്പാലിറ്റിക്കും 7 പഞ്ചായത്തു കൾക്കുമുള്ള ഉന്നതതല സംഭരണികൾ, ഇപ്പോൾ നിലവിലുള്ള കിണറിന്റെ വിപുലീകരണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, പമ്പ് ഹൗസ്, ഭൂതല സംഭരണി, ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ & പവ്വർ ലൈൻ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. |